09/12/21

11/11/2021




# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


## ഹർജി നമ്പർ **CP No.12(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(*ഫയൽ നം.377/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. പി. ശങ്കരപ്പിള്ള,<br>ശങ്കരാലയം ഹൗസ്,<br>മുതുപ്പിലക്കാട് വെസ്റ്റ്,<br>പി.ഒ. പൊരുവഴി, കൊല്ലം-690620 | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അസി. എക്സി. എഞ്ചിനീയർ,<br>അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം,<br>കെ.ഐ.പി.(ആർ.ബി) സബ് ഡിവിഷൻ നം.26,<br>കരുനാഗപ്പള്ളി | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 06.02.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.02.2020 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 07.01.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 08.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27.01.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 09.02.2021 |
| ഹിയറിംഗ് തീയതി | 16.11.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായില്ല |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി. ശങ്കരപ്പിള്ള കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നും ആയതിനാൽ കമ്മീഷൻ മറുപടി ലഭ്യമാക്കാൻ ഉചിതമായ നടപടി കൈക്കൊള്ളണമെന്നുമാണ്.

2. ഹർജിക്കാരൻ 19.10.2020 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, കനാൽ റോഡിനു വേണ്ടിയുള്ള സ്ഥലത്ത് അനധികൃതമായി റബ്ബർ നട്ടുപിടിപ്പിച്ചതു മുതൽ നാളിതുവരെ കുടിയൊഴിപ്പിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്നും ടി സ്ഥലത്ത് വാഴ, ചേന, കൊളോകേഷ്യ, മരച്ചീനിയും മറ്റും കൃഷി ചെയ്യാൻ എന്നു മുതലാണ് അനുമതി നൽകിയതെന്നും 18.06.2018 വരെയും 21.11.2019 ന് സർവ്വെക്ക് ശേഷവും എത്ര കേസുകൾ കൈയ്യേറ്റ നോട്ടീസ് നൽകിയെന്നും മറ്റുമായി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ എതിർകക്ഷി 20.02.2020 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ എല്ലാ വിവരങ്ങളും നൽകിയിട്ടില്ല എന്നു കാണുന്നു.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 09.02.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജികക്ഷിയുടെ അപേക്ഷ കനാൽ കൈയ്യേറ്റത്തേയും അവയുമായി ബന്ധപ്പെട്ട ചില വിവരങ്ങളുമാണെന്നും അതിൽ യാതൊരു വിവരവും രേഖകളും ആവശ്യപ്പെട്ടിട്ടില്ലെന്നും 6–ാം ഖണ്ഡികയിൽ മാത്രമാണ് വിവരവും രേഖകളും ആവശ്യപ്പെട്ടിരിക്കുന്നതെന്നും 12 കൈയ്യേറ്റക്കാരിൽ ശ്രീ.

ബാബു ഒഴികെയുളള 11 പേർക്കും പ്രത്യേകം പ്രത്യേകമായി 19.11.2019, 04.12.2019, 24.12.2019 എന്നീ തീയതികളിലായി നോട്ടീസ് നൽകിയ വിവരം ടിയാനെ അറിയിച്ചുവെന്നും റിപ്പോർട്ടിൽ പറയുന്നു. ഒരേ നോട്ടീസിന്റെ പല പകർപ്പായതിനാലാണ് ഓഫീസിലെത്തി പരിശോധിച്ച് ആവശ്യമായവയ്ക്ക് തുകയടച്ച് പകർപ്പ് കൈപ്പറ്റാമെന്ന വിവരം ടിയാനെ അറിയിച്ചതെന്നും അറിയിച്ചിട്ടുളളതാണ്. ഇതിന്മേൽ എടുത്ത നടപടി ആരാഞ്ഞതിൻ പ്രകാരം സ്റ്റേ ഇല്ലാത്ത 11 കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച വിവരവും ടിയാന് നൽകുകയുണ്ടായിയെന്ന് അറിയിച്ചിട്ടുണ്ട്. കേസുകളുടെ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിനുളള നടപടികൾ നടന്നു വരുന്ന വിവരവും ടിയാന് സമയബന്ധിതമായി നൽകിയിട്ടുണ്ടെന്നും ടിയാൻ ആവശ്യപ്പെട്ട ടി കാര്യാലയത്തിൽ ലഭ്യമായ വിവരങ്ങൾ എല്ലാം തന്നെ നൽകിയിട്ടുളളതാണെന്നും വിവിധ തീയതികളിൽ നൽകിയ ഒരേ നോട്ടീസിന്റെ വിവിധ പകർപ്പുകൾ ആയതിനാലാണ് കാര്യാലയത്തിൽ ഹാജരായി പരിശോധിച്ച് ആവശ്യമുളള പകർപ്പുകൾ എടുക്കാമെന്ന വിവരം ടിയാനെ അറിയിച്ചതെന്നും മറ്റുമാണ് റിപ്പോർട്ടിൽ പറയുന്നത്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 06.02.2020 തീയതിയിലെ വിവരാവകാശ അപേക്ഷക്ക് എതിർകക്ഷി 20.02.2020 തീയതി മറുപടി നൽകിയതായി കാണുന്നു. എന്നാൽ വിവരങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയതായി കാണുന്നില്ല. എതിർകക്ഷി ഹിയറിംഗിൽ മൊഴി നൽകിയത്, WP(c)7379/18 നമ്പർ ഹൈക്കോടതി ഉത്തരവ് അനുസരിച്ച് സർവ്വെ പ്രകാരം തഹസിൽദാർ തന്ന ലിസ്റ്റ് പ്രകാരമുളള ഒഴിപ്പിക്കൽ നടത്താൻ അറിയിച്ചപ്പോൾ ശ്രീ. ബാബു എന്നയാൾ സ്റ്റേ

വാങ്ങിയതിനാൽ 18.12.2020 ന് ഒഴിപ്പിക്കൽ നിർത്തി വച്ചുവെന്നും ബാക്കിയുളള 11 പേരെയും 22.01.2020 ൽ ഒഴിപ്പിച്ചുവെന്നും നിലവിലെ ശാസ്താംകോട്ട മുൻസിഫ് കോടതിയിലേതടക്കം 188/19 കോടതിവിധിക്കനുസൃതമായി നടപടി കൈക്കൊളളുമെന്നും കൂടാതെ ഹർജികക്ഷിയുടെ ചോദ്യങ്ങൾ കൂടുതലും പ്രസ്താവനകളാണെന്നും മനസ്സിലാക്കാൻ പ്രയാസമേറിയതാണെന്നും മറ്റുമാണ് എതിർകക്ഷി രേഖപ്പെടുത്തിയിട്ടുളളത്. 16.11.2021 തീയതി കമ്മീഷൻ നടത്തിയ ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജിക്കാരന് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുത്തിരുന്നില്ല. അസൗകര്യം കാണിച്ച് കത്ത് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിരുന്നു. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ & പബ്ലിക് ഇൻഫർമേഷൻ ആഫീസർ ശ്രീമതി. ഷാനിഫാ ബീവി എസ്. ഹിയറിംഗിൽ ഹാജരായിരുന്നു. ടിയാൾ നൽകിയ മൊഴിയിൽ ബഹു. ഹൈക്കോടതി ഉത്തരവിലെ നിർദ്ദേശ പ്രകാരം നടത്തിയ സർവ്വെ അനുസരിച്ച് തഹസിൽദാർ നൽകിയ ലിസ്റ്റിൻ പ്രകാരം നടപടികൾ കൈക്കൊളളാൻ തുടങ്ങിയപ്പോഴാണ് പ്രസ്തുത ലിസ്റ്റിൽപ്പെട്ട ഒരാൾ ശ്രീ. ബാബു S/o ശങ്കു സ്റ്റേ വാങ്ങിയതിനാൽ ടിയാൻ ഒഴികെ 11 പേരെ ഒഴിപ്പിച്ചിട്ടുളളത്. ആയതിൽ പരാതി ഹർജിക്കാരന്റെ വസ്തുവുംപെടും. നിലവിലെ ശാസ്താംകോട്ട മുൻസിഫ് കോടിയുടെ വിധിക്കനുസൃതമായി നടപടി കൈക്കൊളളാമെന്ന് ടിയാളുടെ മൊഴിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകന്റെ അപേക്ഷ വ്യക്തതയില്ലാത്തതും കൂടുതലും പ്രസ്താവനകൾ മാത്രമായിട്ടുളളതുമാണ് എന്നു കാണുന്നു. കഴിവതും മലയാളത്തിൽ മനസിലാകുന്ന തരത്തിൽ അപേക്ഷകൾ നൽകണമെന്ന് ടിയാൾ മൊഴിയിൽ അഭ്യർത്ഥിച്ചു. എതിർകക്ഷിയുടെ റിപ്പോർട്ട് മൊഴിയും അപേക്ഷകക്ഷി

സമർപ്പിച്ചിരിക്കുന്ന രേഖകളും മറ്റും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ കക്ഷി ഉന്നയിച്ചിരിക്കുന്ന വിവരാവകാശ അപേക്ഷക്ക് കുറേകൂടി വ്യക്തതയോടെ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം രജിസ്റ്റേർഡ് പോസ്റ്റായി നൽകി വിവരം കമ്മീഷനെ അറിയിക്കേണ്ടതാണ്. അപേക്ഷകക്ഷി മേലിൽ ഇപ്രകാരം അപേക്ഷ വല്ലതും സമർപ്പിക്കുമ്പോൾ വ്യക്തമായും, പോയിന്റായും, എഴുതി നൽകണമെന്ന് ടിയാളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 11-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp